# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - കെമിസ്ട്രി വിഭാഗം സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ:A1/25374/2023/DCEതിരുവനന്തപുരം | തീയതി:06.10.2023

---

*പരാമർശം:-*അധ്യാപകരുടെ അപേക്ഷകൾ

**ഉത്തരവ്**

ചുവടെ ചേർത്തിട്ടുള്ള സർക്കാർ കോളേജുകളിലെ കെമിസ്ട്രി വിഭാഗം അദ്ധ്യാപകരിൽ നിന്നും സ്ഥലം മാറ്റത്തിനായുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സർക്കാർ കോളേജ് കെമിസ്ട്രി വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.വിദ്യ രാമൻ<br>അസ്സോസിയേറ്റ് പ്രൊഫസർ<br>ഗവണ്മെന്റ് പോളിടെക്നിക് കോളേജ് പുറപ്പുഴ<br>(അപേക്ഷ) | ടി.എം. ജേക്കബ് മെമ്മോറിയൽ ഗവണ്മെന്റ് കോളേജ് മണിമലക്കുന്ന്<br>(ശ്രീമതി.ശോഭി ഡാനിയേലിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |
| 2 | ശ്രീ.അനീഷ്കുമാർ എം.എ<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഗവണ്മെന്റ് ആർട് സ് ആൻഡ് സയൻസ് കോളേജ് കുളത്തൂർ<br>(അപേക്ഷ) | സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ്<br>(ശ്രീ.വിഷ്ണു വി.എസിനു സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

അതോടൊപ്പം, പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം സ്ഥിരീകരിക്കാനാകാത്ത സാഹചര്യം ഉണ്ടായാൽ മേൽപ്പറഞ്ഞ അദ്ധ്യാപകരുടെ സ്ഥലം മാറ്റം പുനഃ പരിശോധനയ്ക്ക് വിധേയമായിരിക്കും.

Approval Valid

Digitally Approved By
സുധീർ. കെ ഐ.എ.എസ്സ്
Date: 06.10.2023
Reason: Approved

Sd/-
സുധീർ. കെ ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്/പ്രിൻസിപ്പാൾമാർക്ക്
3.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ്, നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
5.എ/ബി സെക്ഷൻ സൂപ്രണ്ട്
6.കരുതൽ ഫയൽ /ഓഫീസ് ഫയൽ